# കുട്ടിക്കു പിതാവിന്റെ ക്രൂരമർദനം, സംഭവത്തിൽ ഇടപെട്ട് വിശ്വാസ്

## ശിശുസംരക്ഷണ, വികസനവകുപ്പും ശിശുക്ഷേമ സമിതിയും ഇടപെടാത്തതിൽ വ്യാപക പരാതി

മനോരമ

മണ്ണാർക്കാട് ● പിതാവിന്റെ ക്രൂരമർദനത്തിന് ഇരയായ പത്തു വയസ്സുകാരന്, ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ വിശ്വാസ് നിയമ സഹായം നൽകും. വിശ്വാസ് ജോ.സെക്രട്ടറി അഡ്വ. ആർ.അജയ്കൃഷ്ണൻ മണ്ണാർക്കാട് എത്തി ബാലനെയും മാതാവിനെയും കണ്ടു വിവരങ്ങൾ ശേഖരിച്ചു. ആവശ്യമെങ്കിൽ രണ്ടു കുട്ടികളെയും മാറ്റി പാർപ്പിക്കാൻ സഹായിക്കുമെന്നു സംഘടന അറിയിച്ചു. സംഭവത്തിൽ കോടതിയെ സമീപിക്കുന്നതും പരിഗണനയിലാണ്.

പഠനസൗകര്യം ഏർപ്പെടുത്തുന്നതും ചികിത്സാ ചെലവ് കണ്ടെത്തുന്നതിനും ശ്രമം നടത്തും. തുടർ നടപടി അടുത്തദിവസം ചർച്ച ചെയ്യുമെന്ന് വിശ്വാസ് സെക്രട്ടറി അഡ്വ.എൻ.രാഖി പറഞ്ഞു. മകനെ ക്രൂരമായി മർദിച്ചും പൊള്ളിച്ചും പരുക്കേൽപ്പിച്ച ഭർത്താവിനെതിരെ കേസ് കൊടുക്കാൻ പോലും കഴിയാത്ത നിസ്സഹായാവസ്ഥയിലായ കുട്ടിയുടെ അമ്മയുടെ ദൈന്യത സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണു വിശ്വാസ് സംഭവത്തിൽ ഇടപെട്ടത്. ട്യൂഷനു പോകാത്തതിന്റെ പേരിൽ മകന്റെ കാലുകളിൽ മടവാൾ കൊണ്ട് അടിച്ചും ചട്ടുകം ചൂടാക്കി വച്ചും ക്രൂരമായി മർദിച്ചിരുന്നു.

സംഭവം നടന്നതു പിതാവിന്റെ വീടായ മധുക്കരയിലായതിനാൽ അവിടെ പരാതി നൽകാനാണു മണ്ണാർക്കാട് പൊലീസ് നിർദേശിച്ചത്. എന്നാൽ, മധുക്കരയിൽ തനിച്ചു പോയി പരാതി നൽകാനുള്ള ധൈര്യം ഇല്ലെന്നും കൂടെ വരാന് ആരുമില്ലെന്നും കുട്ടിയുടെ അമ്മ പറഞ്ഞു. സംഭവം പുറത്തു വന്നു രണ്ടു ദിവസമായിട്ടും ശിശുക്ഷേമസമിതിയും (സിഡബ്ല്യൂസി), ജില്ലാ ശിശുസംരക്ഷണ വകുപ്പും ഇടപെടാത്തതിൽ പ്രതിഷേധം ഉയർന്നിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമസംഭവങ്ങളിൽ അടിയന്തരമായി ഇടപെട്ടു നടപടി സ്വീകരിക്കേണ്ടവർ ഒഴിഞ്ഞുമാറുന്നതായാണ് ആരോപണം.

പിതാവിന്റെ ക്രൂരമർദനം

**പരുക്കേറ്റ കുട്ടിയെയും കൊണ്ട് അമ്മ പൊലീസ് സ്റ്റേഷനിൽ**



അതേസമയം, ഇന്നു പൊലീസ് സ്റ്റേഷനിലെത്തി മൊഴി നൽകാൻ മണ്ണാർക്കാട് പൊലീസ് നിർദേശിച്ചിട്ടുണ്ടെന്നു കുട്ടിയുടെ അമ്മ പറഞ്ഞു. സ്ത്രീകളുടെയും കുട്ടികളുടെയും അതിക്രമങ്ങൾ സംബന്ധിച്ച പരാതിയിൽ അവരെ സ്റ്റേഷനിലേക്കു വിളിച്ചു വരുത്തരുതെന്നു സുപ്രീംകോടതിയുൾപ്പെടെ വ്യക്തമായി ഉത്തരവ് നൽകിയിരിക്കേ പൊലീസ് നടപടിക്കെതിരെയും ആക്ഷേപമുണ്ട്. അമർനാഥ് ആറാം ക്ലാസിലാണു പഠിക്കുന്നത്. മൂത്തകുട്ടിയെയും നേരത്തെ പിതാവ് വെട്ടി പരുക്കേൽപ്പിച്ചിട്ടുണ്ട്.